## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4196** — **28/06/2012 ൽ മറുപടിക്ക്**

## സ്മാർട്ട് ക്ലാസ്സ് മുറികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>" വി. പി. സജീന്ദ്രൻ :<br>" പി. സി. വിഷ്ണുനാഥ്:<br>" ലൂഡി ലൂയിസ്: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികളാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം; | എ) 2012-13 ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായും ആദ്യ ഘട്ടമെന്ന നിലയിൽ 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാൻ ഉദ്ദേശിക്കുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) സ്കൂളുകൾക്ക് ലാപ്ടോപ് നൽകുന്ന നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ; | ബി) ഐ.സി.ടി സ്കീമിന്റെ ഭാഗമായി സ്കൂളുകൾ ആവശ്യപ്പെടുന്നതനുസരിച്ച് ലാപ്ടോപ്പ് കമ്പ്യൂട്ടർ ഓരോ വർഷവും ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. |
| സി) പാഠപുസ്തകങ്ങൾക്ക് ബദലായി ചെറിയ കമ്പ്യൂട്ടറുകൾ നൽകുന്ന കാര്യം ആലോചിക്കുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ